**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 559** | **10-11-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ. ജെ. മാക്സി** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി നൽകിയ ടൂറിസം പദ്ധതികളും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച പദ്ധതികളുടെ വിശാദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | വിദേശ വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്ന വിധം ടൂറിസം പദ്ധതികൾ നൂതനവും കാലികവുമാക്കാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്ന് വിശദമാക്കാമോ; | (ബി) | വിദേശ- ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിരവധി അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും മികച്ച ശുചിത്വ നിലവാരം ഉറപ്പ് വരുത്തുന്നതിനായി ഗ്രീൻ കാർപെറ്റ് പദ്ധതി നടപ്പിലാക്കി വരുന്നു. എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ പ്രസ്തുത പദ്ധതി പ്രകാരം 11 കോടി 77 ലക്ഷം രൂപയുടെ 17 നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയ ഗ്രീൻ ഗ്രാസ്സ് പദ്ധതി വഴിയുള്ള മാലിന്യനിർമ്മാർജ്ജനം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 79 വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യവിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2019-20 -ൽ 4.79 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. പ്രസ്തുത കേന്ദ്രങ്ങളിലെ ജൈവ -അജൈവ മാലിന്യങ്ങൾ തരം തിരിച്ചു, ജൈവ മാലിന്യങ്ങൾ ഏറോബിക് സാങ്കേതികത്വം വഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ചു ജൈവ വളമാക്കി മാറ്റുകയും, അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളും ബൂത്തുകളും ഉപയോഗിച്ച് തരം തിരിച്ചു ശേഖരിച്ച് അവയെ പിന്നീട് കൃത്യമായ ഇടവേളകളിൽ, പുനഃചംക്രമണത്തിനും മറ്റും ഉപയോഗപെടുന്നതിലേക്കായി, അതാതു തദ്ദേശ സ്ഥാപനങ്ങളുടെ എം.സി.എഫ്. (Material |

Collection Facility)-ലേക്ക് എത്തിച്ച നൽകാനും ഉദ്ദേശിച്ചുള്ളതാണ് പദ്ധതി. ഇത് പ്രകാരം 29 കേന്ദ്രങ്ങളിലെ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കിയുള്ളവ പൂർത്തിയായി വരുന്നു. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോക നിലവാരമുള്ള ടോയിലെറ്റുകൾ നിർമ്മിക്കാൻ വേൾഡ് ക്ലാസ്സ് ടോയിലറ്റ് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതു പ്രകാരം 12 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്ക് കൂടി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ബാരിയർ ഫ്രീ ടൂറിസം . കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയിലറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി, എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തെ അന്താരാഷ്ട്ര ആഭ്യന്തര വിനോദ സഞ്ചാരികളുടെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി ആകർഷിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ ആവിഷ്കരിക്കേണ്ടതിന്റെ ഭാഗമായി 2021 ലെ ബഡ്ജറ്റിൽ താഴെ പറയുന്ന രണ്ട് ബൃഹത് ടൂറിസം സർക്യൂട്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട് - കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺട്രോതുരുത്ത്, കൊട്ടാരക്കര മീൻപിടിപ്പാറ, മുട്ടറമരുതിമല, ജടായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചു കോർത്തിണക്കി നടപ്പിലാക്കുന്ന സർക്യൂട്ട് പദ്ധതിയാണിത്. കായലും കടലും ഭംഗിയുള്ള തോടുകളും തുരുത്തുകളും മലയോരവും തേയിലത്തോട്ടവുമുള്ള കൊല്ലം ജില്ല വിനോദസഞ്ചാര മേഖലയിൽ പുത്തൻ ഉണർവുണ്ടാക്കും. ജൈവവൈവിധ്യവും പ്രകൃതി സൗന്ദര്യവും സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലാകും പദ്ധതി നടപ്പാക്കുക. കണ്ടൽകാടുകളിലൂടെയുള്ള ജലയാത്ര, മലകയറ്റം, തെന്മല-അച്ചൻകോവിൽ വനമേഖലയിലൂടെയുള്ള സഞ്ചാരം എന്നിവയെല്ലാം ഈ സർക്യൂട്ടിൽ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ വിളിച്ചു കഴിഞ്ഞു. അഞ്ച് സ്ഥാപനങ്ങളിൽ നിന്നുള്ള ഓഫറുകൾ ലഭിച്ചിട്ടുണ്ട്. ഇവയുടെ പരിശോധന നടന്നു വരുന്നു.

മലബാർ ലിറ്ററി സർക്യൂട്ട് മലബാർ മേഖലയിലെ സാഹിത്യ-സാംസ്കാരിക കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലബാർ ലിറ്ററി സർക്യൂട്ട് എന്ന ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മലയാള സാഹിത്യത്തിലെ അതികായൻമാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ.വി. വിജയൻ, എം.ടി. വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രാക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, കൂടാതെ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. തുഞ്ചൻപറമ്പ് മുതൽ കൽപാത്തി വരെ നീളുന്നതാണ് നിളയിലെ പൈതൃക സർക്യൂട്ട്. ഇതിലേക്ക് ബേപ്പൂർ സുൽത്താൻ ശ്രീ. വൈക്കം മുഹമ്മദ് ബഷീറിന്റെ നാടിനെയും കോർത്തിണക്കും. മഹാകവിയുടെ പൈതൃകസ്മരണകളുറങ്ങുന്ന നിളാതീരത്തെ തുഞ്ചന്റെ തട്ടകവും കുഞ്ചന്റെ കിള്ളിക്കുറിശ്ശിയും എം.ടിയുടെ കൂടല്ലൂരും ഇടശ്ശേരിയുടെ കുറ്റിപ്പുറവും സാമൂതിരിയുടെ നിലപാട്ടുതറയുമെല്ലാം കൂട്ടിയിണക്കുന്ന രീതിയിലാണ് ഈ സർക്യൂട്ട് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിലെയും ടൂറിസം സാധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി അതാത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളെയും ഉൾപ്പെടുത്തി ടൂറിസം – പൊതുമരാമത്ത് വകുപ്പ് മന്ത്രി യോഗം നടത്തി വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചു വരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന കാര്യം അന്തിമഘട്ടത്തിലാണ്. നൂതനമായ ടൂറിസം ഉൽപ്പന്നമെന്ന നിലയിൽ കൂടുതൽ വിനോദ സഞ്ചാരികളെ പ്രത്യേകിച്ചും വിദേശികളെ ആകർഷിക്കാൻ കാരവൻ ടൂറിസം പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് ഉള്ള വിവരങ്ങൾ

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും പുറത്തിറക്കിയിട്ടുണ്ട്. ഇത് കൂടാതെ സോഷ്യൽ മീഡിയയുടെ പ്രയോജനം സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ നിരവധി നൂതനമായ പദ്ധതികൾക്കും രൂപം നൽകി നടപ്പാക്കിവരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സംസ്ഥാനം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾക്ക് ആത്മവിശ്വാസം പകരുന്നതിനും നമ്മുടെ നാട് സഞ്ചാരികൾക്ക് സുരക്ഷിതം ആണെന്ന സന്ദേശം നൽകുന്നതിനുമായി റീ അഷ്വറൻസ് ക്യാമ്പയിനും നടപ്പാക്കിവരുന്നു. |
| (സി) | സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്ക് കൂടി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ബാരിയർ ഫ്രീ ടൂറിസം. ആദ്യ ഘട്ടത്തിൽ 9 കോടി രൂപയുടെ പദ്ധതികൾക്കാണ് സർക്കാർ അനുമതി നൽകിയത്. ഇത് പ്രകാരം 120 കേന്ദ്രങ്ങളിലാണ് ഈ പ്രവൃത്തികൾ വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഭൂമിയുടെ ലഭ്യതകുറവ് പോലെയുള്ള കാരണങ്ങളാൽ വിഭാവനം ചെയ്ത എല്ലാ സ്ഥലങ്ങളിലും പദ്ധതിക്കനുസൃതമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയാതെ വന്നതിനാൽ ഈ പദ്ധതി 84 കേന്ദ്രങ്ങളിലായി ചുരുക്കി 6.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 13.02.2021 ൽ നൽകുകയുണ്ടായി. ഇതിൽ ഒന്നാംഘട്ടമായി 69 കേന്ദ്രങ്ങളിലെ പദ്ധതികൾ പൂർത്തീകരിച്ച് കഴിഞ്ഞു. 15 കേന്ദ്രങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ഭിന്നശേഷി സൗഹൃദ ടോയിലറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി, എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിന് UNWTO യുടെ Emerging Global Destination-Accessible Destination Award 2019 ടൂറിസം വകുപ്പിന് ലഭിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

അനുബന്ധം

List of Infrastructure Projects Sanctioned since 20.05.2021; Status as on 05.11.2021

| # | Name of Project | District | Executing Agency | Date of Sanction | AS Amount (Rs.) | HoA | Remarks |
|---|---|---|---|---|---|---|---|
| I | **INFRASTRUCTURE WORKS** | | | | | | |
| 1 | Construction of Police Aid post and allied works at Old Grove Beach, Kovalam | Thiruvananthapuram | State Nirmithi Kendra | 10-06-21 | 2017066 | UpInfra HoA | AS Stage, Not Started |
| 2 | Development of wayside amenity centre, Kakkayam - Addl. Estimate | Kozhikkode | DTPC, KKD | 21-06-21 | 1339499 | UpInfra HoA | In progress |
| 3 | Urgent repair for arresting leakage through GI Sheet roofing - GV raja convention centre at Hotel Samudra in Kovalam (ph1) | Thiruvananthapuram | KTDC | 30-07-21 | 5000000 | UpInfra HoA | AS Stage, Not Started |
| 4 | Installation of CCTV Camera and others at Varkala | Thiruvananthapuram | Department of Tourism | 13-08-21 | 6591979 | UpInfra HoA | AS Stage, Not Started |
| 5 | Clean Destination Campaign 2021-22 (First 2 Quarters) | State Wide | DTPCs | 02-08-21 | 55002750 | UpInfra HoA | Completed |
| 6 | Construction of amenity centre at Chittoor Thampuran Sree Bhadrakali Temple, Powdikonam - Revised AS | Thiruvananthapuram | SILK | 09-08-21 | 4500000 | UpInfra HoA | In progress |
| 7 | Supply and install Automatic Numberplate Recognition(ANPR) Cameras at Kovalam | Thiruvananthapuram | Steel Industries Kerala Ltd | 25-08-21 | 7581500 | UpInfra HoA | AS Stage, Not Started |
| 8 | Additional work III of Ecolodge, Idukki - Modular kitchen, Drainage, Parking yard, Side wall, woodwork polishing, electrical works, and | Idukki | KIIDC | 31-08-21 | 9745000 | UpInfra HoA | In progress |
| 9 | Perunthenaruvi Tourism project - Last mile connectivity road - Revised AS | Pathanamthitta | Vechuchira G/p | 05-09-21 | 600000 | UpInfra HoA | In progress |
| 10 | Removal of led bulb leaves of highmast light at Kovalam which were in dangerous condition | Thiruvananthapuram | TIO, Kovalam | 25-08-21 | 20000 | UpInfra HoA | Completed |
| 11 | Supply of Boats to Kappil Lake Destination | Thiruvananthapuram | KSINC | 05-09-21 | 3339100 | UpInfra HoA | AS Stage, Not Started |
| 12 | Renovation of KTDC Kumarakom Gateway - Revised AS | Alappuzha | KTDC | 11-10-21 | 43200000 | UpInfra HoA | AS Stage, Not Started |
| 13 | Renovation of KTDC Tamarind Easy, Peerumedu - Revised AS | Idukki | KTDC | 30-07-21 | 25000000 | UpInfra HoA | Structure Work in Progress |

List of Infrastructure Projects Sanctioned since 20.05.2021; Status as on 05.11.2021

| # | Name of Project | District | Executing Agency | Date of Sanction | AS Amount (Rs.) | HoA | Remarks |
|---|---|---|---|---|---|---|---|
| 14 | Maintenance works at Snehatheeram Park, Thalikkulam, Thrissur | Thrissur | DTPC Thrissur | 22-09-21 | 4800000 | UpInfra HoA | AS Stage, Not Started |
| 15 | Setting up of Puzhayora Park at Ottappalam | Palakkad | DTPC Palakkad | 03-06-21 | 9940268 | UpInfra HoA | AS stage. The proposed land is owned by Ottappalam Municipality. The adjacent land owner file a case in this land. So the project start is delayed. |
| 16 | Beypore and Beyond - Development and Renovation of Beypore Tourism - Revised AS | Kozhikode | DTPC Kozhikode | 02-08-21 | 99856857 | UpInfra HoA | Revised AS sanctioned on 04.08.2021 and awaiting the CRZ Clearance for the commencement of work |
| 17 | Construction of Cave Park at Perambra in Kozhikkode District | Kozhikode | Department of Tourism | 11-10-21 | 37254853 | UpInfra HoA | AS Stage, Not Started |
| 18 | Nature Learning Center at Sarovaram in Kozhikkode Ditrict,Phase-01 | Kozhikode | Department of Tourism | 11-10-21 | 17400000 | UpInfra HoA | AS Stage, Not Started |
| 19 | Beautification of Payyambalam beach and walkway - Phase II | Kannur | Department of Tourism | 11-10-21 | 43394804 | UpInfra HoA | AS Stage, Not Started |
| 20 | Renovation of Hotel Samudra - Phase I at Kovalam - Revised AS | Thiruvananthapuram | KTDC | 11-10-21 | 29000000 | KTDC HoA | AS Stage, Not Started |
| 21 | Renovation of Hotel Samudra - Phase II at Kovalam | Thiruvananthapuram | KTDC | 11-10-21 | 48000000 | KTDC HoA | AS Stage, Not Started |
| 22 | Development of Turtle Beach, Thikkodi | Kozhikode | DTPC Kozhikode | 15-06-21 | 9300000 | DTPC HoA | Not Started |
| 23 | MHP - Purchase of Hop on Hop off Boats 2021-22 | Ernakulam | MD, Muziris Project Ltd | 11-10-21 | 30611355 | Muziris HoA | AS Stage, Not Started |
| 24 | MHP - Student's Heritage Walk 2021-22 | Ernakulam | MD, Muziris Project Ltd | 12-10-21 | 5000000 | Muziris HoA | AS Stage, Not Started |
| 25 | Gavi Eco Tourism in Pathanamthitta District - A project to improve and upgrade facilities and facilities | Pathanamthitta | Ecotourism | 11-10-21 | 19000000 | Ecotourism HoA | Not Started |
| | Subtotal Infrastructure | | | | **517495031** | | |
| II | **HOSPITALITY/HUMAN RESOURCES(HR)/MODERNISATION AND STRENGHTENING OF TOURISM INSTITUTIONS(SMT)** | | | | | | |
| 26 | Additional Works at Tourism Garage at Thiruvananthapuram | Thiruvananthapuram | ULCCS Ltd. | 28-09-21 | 9200000 | Upinfra (Guest Houses) HoA | AS Stage |

List of Infrastructure Projects Sanctioned since 20.05.2021; Status as on 05.11.2021

| # | Name of Project | District | Executing Agency | Date of Sanction | AS Amount (Rs.) | HoA | Remarks |
|---|---|---|---|---|---|---|---|
| 27 | Construction of Garden and its maintenance at Govt Guest House, Kollam | Kollam | HITES | 08-08-21 | 14154204 | Upinfra (Guest Houses) HoA | AS Stage. Agreement to be executed with Director Dept of Tourism & agency. Tendering stage . |
| 28 | Providing Lift in Govt. Guest House, Alappuzha | Alappuzha | Department of Tourism | 28-09-21 | 6380000 | Upinfra (Guest Houses) HoA | TS stage |
| 29 | Balance works for Govt. Guest House, Idukki | Idukki | PWD Buildings | 18-07-21 | 3000000 | Upinfra (Guest Houses) HoA | |
| 30 | Supply, installation, testing and commissioning of 62.50 KVA DG set at Govt. GH, Idukki | Idukki | EE, PWD Electrical Division, Thrissur | 11-10-21 | 1060000 | Upinfra (Guest Houses) HoA | AS Stage |
| 31 | Urgent repairs of damages in the roofing system in Govt. GH, Aluva, Annexe building due to natural calamities | Ernakulam | PWD Buildings | 10-06-21 | 4870000 | Upinfra (Guest Houses) HoA | AS Stage |
| 32 | Construction of toilet in ground floor of new block near service lift room at Govt. GH, EKM | Ernakulam | Department of Tourism | 20-10-21 | 665500 | Upinfra (Guest Houses) HoA | AS Stage |
| 33 | Urgent repair and renovation works in GF in Annex block at Govt. GH, Kozhikkode | Kozhikode | PWD Buildings Kozhikode | 22-06-21 | 2600000 | Upinfra (Guest Houses) HoA | In progress |
| 34 | Renewal of Wifi-Hotspot connections | All GH, YN | BSNL | 20-10-21 | 5876400 | Upinfra (Guest Houses) HoA | Annual renewal |
| 35 | Replacement of split AC in suit room no. 1,2,10 at Govt. GH, Kovalam - AS and fund deposit | Thiruvananthapuram | EE, PWD electrical dvn, Thiruvananthapuram | 22-07-21 | 470000 | Upinfra (Guest Houses) HoA | In progress |
| 36 | Urgent special repair works to toilet and painting in 2 staff quarters at GH compound, Kannur | Kannur | EE, PWD bldg dvn, Thalassery | 28-07-21 | 430000 | Upinfra (Guest Houses) HoA | In progress |
| 37 | Leak proof arrangements - GH, Kannur | Kannur | PWD | 25-07-21 | 1100000 | Upinfra (Guest Houses) HoA | In progress |
| 38 | Rewiring of staff quarters of Govt. GH, Kannur | Kannur | EE, PWD Elec dvn, Kannur | 30-07-21 | 364000 | Upinfra (Guest Houses) HoA | In progress |
| 39 | Repairs to toilet of GH, Kannur | Kannur | PWD | 28-07-21 | 430000 | Upinfra (Guest Houses) HoA | In progress |
| 40 | Other miscellanous AMCs and repairs for Guest houses | All GH, YN | Various | | 4400000 | Upinfra (Guest Houses) HoA | AS issued for various AMCs and repair works issued from 21.05.2021 to 05.11.2021. Status - In Progress |

List of Infrastructure Projects Sanctioned since 20.05.2021; Status as on 05.11.2021

| # | Name of Project | District | Executing Agency | Date of Sanction | AS Amount (Rs.) | HoA | Remarks |
|---|---|---|---|---|---|---|---|
| 41 | Urgent repairs of damages in the roofing system in Govt. GH, Aluva, due to natural calamities | Ernakulam | EE, PWD Buildings Division, Edappally | 10-06-21 | 4870000 | Tourist Accom (PWD) HoA | In progress |
| 42 | Establishment of Kerala Institute of Hospitality and Management, Kannur- Various Work Orders | Kannur | Department of Tourism | 30-07-21 | 24865568 | HR- SIHM (HoA) | The main sanction for 2.043 Cr. for purchase of equipment for Kitchen and laboratory. Other orders are including books purchase, Vessells and tools. Etc. |
| 43 | Various orders issued for Modernisation and Strengthening of Institutions (SMT) | All GH, YN, Tourism Offices | Department of Tourism | | 5659432 | Modernisation and Strengthening - HoA | AS issued for various Purchase Orders, Tourism Information Trainee Stipends, and ICT Equipment repair works issued from 21.05.2021 to 05.11.2021. |
| | Subtotal - Hospitality/HR/SMT | | | | **90395104** | | |
| **III** | **OTHER PLAN FUND ACTIVITIES** | | | | | | |
| 44 | Monitoring of Projects by Strengthening the District offices and Directorate 2021-22 | Not appicable | Department of Tourism | 02-08-21 | 15100000 | UpInfra HoA | In progress |
| 45 | Recoupment of withdrawn fund from Treasury - from Total 257.68 L | Idukki | Idukki DTPC | 06-10-21 | 10000000 | UpInfra HoA | Fund released |
| 46 | Study on upgradation and improvement of the functioning of Thenmala Ecotourism Promotion Society | Thiruvananthapuram, Kollam | KTIL | 29-06-21 | 200000 | Ecotourism HoA | AS Stage |
| 47 | Refund of recouped amount from account of Thekkady periyar east Deputy Director, account - for construction of cafeteria and entertainment centre, thekkady | Idukki | Deputy Director, PTR | 14-07-21 | 2192000 | Ecotourism HoA | Fund released |
| 48 | Refund of recouped amount from account of Manarkkad Silent Valley Wildlife warden | Palakkad | Silent valley | 16-08-21 | 523339 | Ecotourism HoA | Fund released |
| 49 | Plan fund for KITTS 2021-22 - Infrastructure development and academic programme | Not appicable | KITTS | 28-07-21 | 30000000 | KITTS HoA | AS Stage |
| 50 | Share capital assistance to KTIL 2021-22 | Not appicable | KTIL | 02-08-21 | 15300000 | KTIL HoA | Ongoing |

List of Infrastructure Projects Sanctioned since 20.05.2021; Status as on 05.11.2021

| # | Name of Project | District | Executing Agency | Date of Sanction | AS Amount (Rs.) | HoA | Remarks |
|---|---|---|---|---|---|---|---|
| 51 | Responsible Tourism Part1 & Beypore integrated tourism development project - Part2 | State Wide | Responsible Tourism Mission | 09-08-21 | 41448340 | RT HoA | In progress |
| 52 | RT - Sustainable Responsible Experiential Ethnic Tourism Hubs - STREET Project | Not appicable | Responsible Tourism Mission | 18-10-21 | 9012000 | RT HoA | AS Stage |
| 53 | RT - Beypore integrated tourism phase 1 - Part 2 | Kozhikkode | Responsible Tourism Mission | 18-10-21 | 1380000 | RT HoA | AS Stage |
| 54 | Share Capital Assistance to BRDC - 2021-22 | Kasaragod | BRDC | 02-08-21 | 15200000 | BRDC HoA | Ongoing |
| 55 | Collection of tourist arrival statistics | Not appicable | Tourism - Research | 07-10-21 | 4600000 | Statistics HOA | Ongoing |
| 56 | Maintenance of Muziris - 2021-22 | Ernakulam & Alappuzha | MUZIRIS | 11-08-21 | 47152000 | Muziris HoA | Ongoing |
| | Subtotal Plan fund Sanctions | | | | **192107679** | | |
| IV | **MARKETING/INCENTIVES** | | | | | | |
| 57 | Online Portal for Classification of Service providers | Not applicable | Department of Tourism | 28-07-21 | 1882100 | Marketing HOA | In progress |
| 58 | Public Relations activities - Jan-21- March 2021 & 2021-2021 | Not applicable | Department of Tourism | 02-08-21 | 5841000 | Marketing HOA | In progress |
| 59 | National Trade Fairs 2021-22-IITM Bengaluru, TTF Kolkata, TTF Ahmedabad, TTF Mumbai | Not applicable | Department of Tourism | 13-08-21 | 18054000 | Marketing HOA | In progress |
| 60 | Post-Covid Reassurance, social media and digital webportal campaign 2021-22 | Not applicable | Department of Tourism | 13-08-21 | 21240000 | Marketing HOA | In progress |
| 61 | Social media management for Department of Tourism - 2021-22 | Not applicable | Department of Tourism | 13-08-21 | 5876000 | Marketing HOA | In progress |
| 62 | Post covid domestic holiday campaign - 2021-22 | Not applicable | Department of Tourism | 13-08-21 | 49969660 | Marketing HOA | In progress |
| 63 | Keralam 365 | Not applicable | Department of Tourism | 07-10-21 | 31895400 | Marketing HOA | In progress |
| 64 | Kerala Tourism Whatsapp Marketing and promo | Not applicable | Department of Tourism | 07-10-21 | 3540000 | Marketing HOA | In progress |
| 65 | Partipation of WTM London 2021 Participation | Not applicable | Department of Tourism | 07-10-21 | 11446000 | Marketing HOA | In progress |

List of Infrastructure Projects Sanctioned since 20.05.2021; Status as on 05.11.2021

| # | Name of Project | District | Executing Agency | Date of Sanction | AS Amount (Rs.) | HoA | Remarks |
|---|---|---|---|---|---|---|---|
| 66 | Smart Assist Software | Not applicable | Department of Tourism | 07-10-21 | 12862000 | Marketing HOA | In progress |
| 67 | Chaliyaar River paddle - 2021 - Financial Assistance | Not applicable | Department of Tourism | 04-10-21 | 500000 | Marketing HOA | Fund released |
| 68 | Prepaid travel card - KSRTC - sponsorship | Not applicable | Department of Tourism | 04-10-21 | 600000 | Marketing HOA | Fund released |
| 69 | Virtual onaghosham 2021 - Revised AS | Not applicable | Department of Tourism | 07-10-21 | 1180000 | Marketing HOA | Completed |
| 70 | Caravan tourism marketting - Subsidy/Incentives | Not applicable | Department of Tourism | 11-10-21 | 50000000 | Incentive HoA | AS Stage |
| | Subtotal Marketing/Incentives | | | | 214886160 | | |
| V | FINANCIAL ASSISTANCE/SPONSORSHIPS | | | | | | |
| 71 | Fin. Assist. to Wayalar Samskarika Vedi on Death anniversary of Wayalar 26.27/10/2020 | Not applicable | Department of Tourism | 12-07-21 | 25000 | CPPH HoA | Fund released |
| 72 | Fin. Assist. to Soorya Stage and Film Society - Soorya Fest during Oct-Nov-Dec/2020 | Not applicable | Department of Tourism | 12-07-21 | 300000 | CPPH HoA | Fund released |
| 73 | Let's Go Metro to Retro - Fin assist to Skall Int Club | Not applicable | Department of Tourism | 12-07-21 | 40000 | CPPH HoA | Fund released |
| 74 | Fin assist to Kumbhabharani Maholsavam - Haripad Chingoli Kavipadikkal Devi Temple | Not applicable | Department of Tourism | 12-07-21 | 100000 | CPPH HoA | Fund released |
| 75 | Fin assist to Ayroor Kadhakali Mela | Not applicable | Department of Tourism | 12-07-21 | 200000 | CPPH HoA | Fund released |
| 76 | Fin assist to Ananthapuri Dance and music festival | Not applicable | Department of Tourism | 12-07-21 | 50000 | CPPH HoA | Fund released |
| 77 | Ananthapuri Nritha Sangeethotsavam 2020 - Financial Assistance | Not applicable | Department of Tourism | 28-07-21 | 50000 | CPPH HoA | Fund released |
| 78 | Pathanamthitta Kathakali Mela | Not applicable | Department of Tourism | 17-08-21 | 200000 | CPPH HoA | Fund released |
| 79 | Kannur International Cultural festival - 2021 | Not applicable | Department of Tourism | 11-08-21 | 300000 | CPPH HoA | Fund released |
| 80 | Fin. Assist to Peruvanam Arattupuzha Pooram | Not applicable | Department of Tourism | 12-08-21 | 100000 | CPPH HoA | Fund released |

List of Infrastructure Projects Sanctioned since 20.05.2021; Status as on 05.11.2021

| # | Name of Project | District | Executing Agency | Date of Sanction | AS Amount (Rs.) | HoA | Remarks |
|---|---|---|---|---|---|---|---|
| 81 | Fin. Assist to Swathithirunal Music fest by Iringalakuda nadopasana | Not applicable | Department of Tourism | 06-10-21 | 50000 | CPPH HoA | Fund released |
| 82 | Fin. Asst. to 12th National Pallavoor Thalavadya Maholsavam | Not applicable | Department of Tourism | 22-10-21 | 100000 | CPPH HoA | Fund released |
| 83 | Fin. Assist to "Unseen Kerala-2021" | Not applicable | Department of Tourism | 12-11-21 | 200000 | CPPH HoA | Fund released |
| | Subtotal - Financial Assistance/Sponsorships | | | | 1,715,000.00 | | |
| | **GRAND TOTAL (Rs)** | | | | **1,016,598,974.00** | | |

സെക്ഷൻ ഓഫീസർ